# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 70

28/09/2011 - ൽ മറുപടിക്ക്.

## തിരുവനന്തപുരം - കാസർഗോഡ് ദേശീയ ജലപാത

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ.പി.കെ.ഗുരുദാസൻ<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ | | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ദേശീയ ജലപാത നിർമ്മിക്കുന്നത് സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; | : | (എ) തിരുവനന്തപുരം - കാസർഗോഡ് ജലപാതയിൽ കൊല്ലം മുതൽ കോട്ടപ്പുറം (തൃശ്ശൂർ ജില്ല) വരെയുള്ള ഭാഗമാണ് ദേശീയ ജലപാത നം.3 ആയി അംഗീകരിച്ചിരിക്കുന്നത്. ഈ ഭാഗത്തെ പണികൾ 80% പൂർത്തിയായിട്ടുണ്ട്. 2012 ഡിസംബറിൽ ഇത് പൂർണ്ണമായും കമ്മീഷൻ ചെയ്യുമെന്ന് ഈ ജലപാതയുടെ നിർമ്മാണത്തിന് മേൽനോട്ടം വഹിക്കുന്ന കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ സമ്മതിച്ചിട്ടുണ്ട്. |
| (ബി) കേന്ദ്ര സർക്കാരിന്റെ ജലമാർഗ്ഗ വികസന പദ്ധതിയുടെ ഭാഗമായി ഇത് പൂർണ്ണമായി അംഗീകരിച്ചിട്ടുണ്ടോ ; സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | : | (ബി) കോവളം - കൊല്ലം, കോട്ടപ്പുറം - നീലേശ്വരം പാതകൾ സംസ്ഥാന ജലപാതയായിട്ടാണ് അംഗീകരിച്ചിട്ടുള്ളത്. ഈ പാതകൾ ദേശീയ ജലപാതയായി മാറ്റാൻ വേണ്ട പഠനത്തിന് നാറ്റ്പാക് - നെ ചുമതലപ്പെടുത്തുവാൻ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ വഴി നിർദ്ദേശം നൽകിയിട്ടുണ്ട്. |

(സി) 2011-12 വർഷത്തിൽ ഈ പദ്ധതിക്ക് വകയിരുത്തിയ തുകയിൽ ഇതിനകം എന്തു തുക ചെലവഴിച്ചിട്ടുണ്ട് ; : (സി) ഈ വർഷം ഇതുവരെ തുകയൊന്നും ചെലവാക്കിയിട്ടില്ല.

(ഡി) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ദേശീയ ജലപാത പദ്ധതിയ്ക്ക് എന്തു തുക വകയിരുത്താനുദ്ദേശിക്കുന്നു ? : (ഡി) ഇതിലേക്ക് 494 കോടി രൂപയുടെ പദ്ധതി പരിഗണനയിലുണ്ട്.

സെക്ഷൻ ഓഫീസർ